**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2361** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസിന് സഹായം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാത്തതിനാൽ രോഗികൾ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡയാലിസിസ് രോഗികൾക്ക് ആശ്വാസമേകുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീട്ടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് മരുന്ന്, ഉപകരണങ്ങൾ, നഴ്സിംഗ് പരിചരണം, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സാധ്യമാണ്. പ്രസ്തുത പദ്ധതിയിലേയ്ക്ക് വൃക്ക രോഗികളെയും പരിഗണിക്കുന്നുണ്ട്. വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല എങ്കിലും പല തദ്ദേശ സ്ഥാപനങ്ങളും വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിക്കായി സമർപ്പിക്കുകയും ആയത് പരിശോധിച്ച് അംഗീകാരം നൽകിവരികയും ചെയ്യുന്നുണ്ട്. പ്രതിമാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന ഇപ്രകാരം നൽകുന്നതിന് വ്യവസ്ഥയുണ്ട്. സംസ്ഥാനത്താകെ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതിയായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതിയായി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ